KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/12/ 2019

# സംസ്ഥാന പോലീസ് മേധാവിയുടെ പരാതി അദാലത്ത് 21.12.2019 ൽ കൊല്ലത്ത് വച്ച്

സംസ്ഥാന പോലീസ് മേധാവി ശ്രീ ലോക്നാഥ് ബെഹ്റ ഐപിഎസ് പൊതുജനങ്ങൾക്കായി പരാതി അദാലത്ത് നടത്തുന്നു. കൊല്ലം സിറ്റി പോലീസ് പരിധിയിലുള്ള പൊതുജനങ്ങൾക്കായിട്ടാണ് പരാതി അദാലത്ത് സംഘടിപ്പിക്കുന്നത്. 21.12.2019 ൽ കൊല്ലം ആശ്രാമം യൂനൂസ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്തുന്ന പരാതി അദാലത്ത് 21.12.2019 രാവിലെ 09.00 മണിക്ക് ആരംഭിക്കും

പരാതി പരിഹാര അദാലത്തിൽ ഡിസംബർ 21-ാം തീയതി രാവിലെ 9 മണി മുതൽ പൊതുജനങ്ങൾക്ക് സംസ്ഥാന പോലീസ് മേധാവിയെ നേരിൽ കണ്ട് പരാതി നൽകാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. സംസ്ഥാന പോലീസ് മേധാവിയെ നേരിൽ കണ്ട് പരാതി നൽകാൻ മുൻകൂറായി പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്. പൊതുജനങ്ങൾക്ക് പരാതികൾ കൊല്ലം സിറ്റി പോലീസ് ഓഫീസിൽ നേരിട്ടും ഫോൺ നമ്പറുകളായ 0474 27444165, 9497906969, 9497941631 എന്നിവയിലേക്ക് ഡിസംബർ 12 മുതൽ 19.12.2019 വൈകിട്ട് 5 മണിവരെയുള്ള സമയങ്ങളിൽ വിളിച്ചും spcadalathklmcity@gmail.com എന്ന ഇമെയിൽ വിലാസം മുഖാന്തിരവും രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിൽ പരാതികൾ രജിസ്റ്റർ ചെയ്യുന്നവർ അദാലത്ത് ദിവസമായ ഡിസംബർ 21 -ാം തീയതി രാവിലെ 9 മണിക്ക് കൊല്ലം യൂനൂസ് കൺവെൻഷൻ സെന്ററിൽ എത്തിച്ചേർന്ന് രജിസ്റ്റർചെയ്ത ടോക്കൺ നമ്പർ പ്രകാരം ബഹു സംസ്ഥാനപോലീസ് മേധാവിയെ നേരിൽ കണ്ട് പരാതി ബോധിപ്പിക്കാവുന്നതാണ്.

പൊതുജനങ്ങലെ നേരിൽ കണ്ട് പരാതി സ്വീകരിക്കുന്നതിലൂടെ ജനങ്ങളും പോലീസും തമ്മിലുള്ള അകലം കുറച്ച് പരാതികൾ എളുപ്പത്തിൽ പരിഹരിക്കുന്നതിനുള്ള കേരളാ പോലീസിന്റെ പദ്ധതിയുടെ ഭാഗമായാണ് ഇത്തരത്തിൽ പരാതി അദാലത്ത് സംഘടിപ്പിക്കുന്നത്.

പൊതുജനസമ്പർക്കത്തിനായി കേരളാ പോലീസ് നടപ്പിലാക്കുന്ന ഈ പരാതി അദാലത്തിൽ സംസ്ഥാന പോലീസ് മേധാവിക്കുപുറമേ കൊല്ലം സിറ്റി പോലീസ് മേധാവിയും സിറ്റി പോലീസിലെ എസിപി മാരും എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും പങ്കെടുക്കുന്നുണ്ട്.

സംസ്ഥാന പോലീസ് മേധാവിയെ നേരിൽകണ്ട് പരാതി ബോധിപ്പിക്കുവാനുള്ള ഈ അവസരം കൊല്ലം സിറ്റി പോലീസ് പരിധിയിലെ എല്ലാ പൊതുജനങ്ങളും പ്രയോജനപ്പെടുത്തണമെന്ന്കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ പി. കെ. മധു ഐ പി എസ് അറിയിച്ചു

(ഒപ്പ്)

ജില്ലാപോലീസ് മേധാവി
കൊല്ലം സിറ്റി

കൊല്ലം
11.12.2019